പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1796

17.03.2015 ലെ മറുപടിയ്ക്ക്

**ഇന്ത്യൻ ന്യൂട്രിനോ ഒബ്സർവേറ്ററി പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്ജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തേനിയിലെ ഇന്ത്യൻ ന്യൂട്രിനോ ഒബ്സർവേറ്ററി പദ്ധതി കേരളത്തിന് ഏതെങ്കിലും തലത്തിൽ ദോഷകരമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | തേനിയിലെ ഇന്ത്യൻ ന്യൂട്രിനോ ഒബ്സർവേറ്ററി സംബന്ധിച്ചുള്ള സംശയ നിവാരണത്തിനായി TATA Institute of Fundamental Research ലേയ്ക്ക് കത്തെഴുതുകയുണ്ടായി. ഈ സ്ഥാപനത്തിൽ നിന്നും ലഭിച്ച മറുപടിയിൽ പ്രസ്തുത പദ്ധതി യാതൊരുവിധത്തിലുമുള്ള പാരിസ്ഥിതിക പ്രവർത്തനങ്ങളുമുണ്ടാക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) ന്യൂട്രിനോ പരീക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉയർന്നിട്ടുള്ള ആശങ്കകളെക്കുറിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലായാൽ സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളെയാണ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായെങ്കിൽ മാത്രമെ ഇക്കാര്യം വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ. മാത്രമല്ല ഇന്ത്യൻ ന്യൂട്രിനോ ഒബ്സർവേറ്ററി പദ്ധതി മൂലമുണ്ടാകുന്ന പാരിസ്ഥിതികാഘാതത്തെക്കുറിച്ച് തദ്ദേശ വാസികൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിന് ഒരു അഭിപ്രായം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ